LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം 16-7-2010-ലാണ് ആരംഭിച്ചത്. എഗ്രിമെന്റ് പ്രകാരം 6-1-2012-ലാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രസ്തുത പ്രവൃത്തി പൂർണ്ണമായും നിർത്തിവച്ചിരിക്കുന്നതിനാൽ കരാർ റദ്ദ് ചെയ്ത് കൺസ്ട്രക്ഷൻ കോർപറേഷന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പണികൾ റീടെണ്ടർ ചെയ്തിട്ടുണ്ട്.

## പി.ഡബ്ല്യു.ഡി. ലൈമാൻ നിയമനം

247 (1281) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. ലൈൻമാൻ നിയമനം സംബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾ നൽകിയ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) 25-7-1983-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ലൈൻമാൻ, അസി. ലൈൻമാൻ, ഹെൽപ്പർ തസ്തികകളുടെ ആകെ എണ്ണം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ ലൈൻമാൻമാരുടെ 8 തസ്തികകളാണ് ഉള്ളത്. എന്നാൽ 18 തസ്തികകളുണ്ടെന്നും അതുപയോഗിച്ച് ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കണമെന്നുമായിരുന്നു ഉദ്യോഗാർത്ഥികളുടെ പരാതിയിലെ ആവശ്യം. എന്നാൽ നിലവിലുള്ളത് 8 തസ്തികകൾ മാത്രമായതിനാലും ഈ തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാലും ഉദ്യോഗാർത്ഥികളുടെ ആവശ്യത്തിന്മേൽ തുടർ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. ഉദ്യോഗാർത്ഥിയായ ശ്രീ. എസ്.ഡി. ദിലീപ് സമർപ്പിച്ച ഒ.എ. നമ്പർ 300/2014-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആവശ്യപ്പെട്ട പ്രകാരം കേസ്സിന്റെ അന്തിമ വിധിക്ക് വിധേയമായി ലൈൻമാന്റെ 10 ഒഴിവുകൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

(ബി) ജി.ഒ.(എംഎസ്.) നമ്പർ 80/83/പൊ.മ.വ, തീയതി 25-7-1983 ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ 2, ഹെൽപ്പർ-4, ഇലക്ട്രിക്കൽ സെക്ഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ-2, ഹെൽപ്പർ-1, തിരുവല്ല സെക്ഷനിൽ ലൈൻമാൻ -2, അസിസ്റ്റന്റ് ലൈൻമാൻ-2, ഹെൽപ്പർ-1 എന്നീ തസ്തികകൾക്ക് താൽക്കാലിക അനുമതി നൽകിയിരുന്നു. ലൈൻമാൻ, അസിസ്റ്റന്റ് ലൈൻമാൻ, ഹെൽപ്പർ എന്നീ തസ്തികകൾ 1-3-1997 മുതൽ പ്രാബല്യത്തിൽ ഏകോപിപ്പിച്ചതിനാൽ ഇപ്പോൾ ലൈൻമാൻ തസ്തികകൾ മാത്രമാണുള്ളത്. ജി.ഒ.(എംഎസ്.) 16/2010/പൊ.മ.വ. തീയതി 22-3-2010 പ്രകാരം 2010 മുതൽ തിരുവല്ല സെക്ഷനിൽ 4 ലൈൻമാൻമാരുടെയും പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷനിൽ 4 ലൈൻമാൻമാരുടെയും വീതം തസ്തികകൾക്കാണ് സ്ഥിരാംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ തസ്തികകളിൽ 8 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

## പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ

248 (1282) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) എയർപോർട്ട്, ഹജ്ജ് ഹൗസ് എന്നിവയ്ക്ക് സമീപമുള്ള പ്രസ്തുത റസ്റ്റ് ഹൗസിന് മുകൾ നില പണിയുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ജലലഭ്യത ഇല്ല എന്നുള്ളതാണ് കൊണ്ടോട്ടി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിന്റെ ഏറ്റവും വലിയ പോരായ്മ. ഇത് പരിഹരിക്കുന്നതിനായി ഒരു കുഴൽക്കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഇൻവെർട്ടർ, വി.ഐ.പി. റൂമിൽ എയർ കണ്ടീഷണർ, ടി.വി., ഫർണിച്ചർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഉദ്ദേശിക്കുന്നു.

(ബി) റസ്റ്റ് ഹൗസിന് മുകൾനില പണിയുന്നതിനുള്ള 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി തയ്യാറാക്കിവരുന്നു. ഇതിൽ താഴെപ്പറയുന്നവകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly